# പതിനാലാം കേരള നിയമസഭ
# പതിമൂന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2991** **07.12.2018-ൽ മറുപടിക്ക്**

## ഇതരസംസ്ഥാന തൊഴിലാളികൾ

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീമതി.പി. അയിഷാ പോറ്റി : | | ശ്രീ. ടി. പി. രാമകൃഷ്ണൻ<br>തൊഴിലും എക് സൈസും വകുപ്പ് മന്ത്രി |
| (എ) കേരളത്തിലെ ഇതരസംസ്ഥാന തൊഴിലാളികളുടെ എണ്ണം സംബന്ധിച്ച കണക്കെടുപ്പ് നടത്തിയിട്ടുണ്ടെങ്കിൽ വിശദാംശങ്ങൾ നൽകുമോ; | (എ) | ആവാസ് പദ്ധതിയുടെ ഭാഗമായി സംസ്ഥാനത്ത് 29.11.2018 തീയതി വരെ 3,28,336 ഇതര സംസ്ഥാന തൊഴിലാളികൾക്ക് രജിസ്ട്രേഷൻ നൽകിയിട്ടുണ്ട്. കൂടാതെ കേരള കുടിയേറ്റ തൊഴിലാളി ക്ഷേമ പദ്ധതിയിൽ 55,430 ഇതര സംസ്ഥാന തൊഴിലാളികൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. സംസ്ഥാനം തിരിച്ചുള്ള കണക്ക് അനുബന്ധമായി ചേർക്കുന്നു. |
| (ബി) ഇതരസംസ്ഥാന തൊഴിലാളികൾക്ക് തിരിച്ചറിയൽ സംവിധാനം ഏർപ്പെടുത്തുന്നതിന് കൈക്കൊണ്ടിട്ടുള്ള നടപടികൾ എന്തെല്ലാമാണ്; | (ബി) | ആവാസ് ഇൻഷ്വറൻസ് പദ്ധതി പ്രകാരമുള്ള എൻറോൾമെന്റ് സംവിധാനം എല്ലാ ജില്ലകളിലും ഒരുക്കിയിട്ടുണ്ട്. കൂടാതെ തിരുവനന്തപുരം, എറണാകുളം എന്നീ ജില്ലകളിൽ ' ശ്രമിക് ബന്ധു' എന്ന പേരിൽ ഫെസിലിറ്റേഷൻ സെന്ററുകൾ ആരംഭിച്ചിട്ടുണ്ട്. |
| (സി) ഇതരസംസ്ഥാന തൊഴിലാളികളുടെ ക്ഷേമത്തിനായി സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടിക്രമങ്ങൾ വിശദമാക്കുമോ? | (സി) | ഇതര സംസ്ഥാനങ്ങളിൽ നിന്നും വരുന്ന തൊഴിലാളികളുടെ ക്ഷേമം ഉറപ്പുവരുത്തുന്നതിലേക്കായി 2010-ലെ കേരള കുടിയേറ്റ തൊഴിലാളി ക്ഷേമ പദ്ധതി എന്ന പേരിൽ കേരള ബിൽഡിംഗ് ആന്റ് അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫെയർ ബോർഡിന്റെ കീഴിൽ ഒരു പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ട്. ഇതര സംസ്ഥാന തൊഴിലാളികളിൽ 18 വയസ്സ് പൂർത്തിയായവരും 60 വയസ്സ് കഴിയാത്തവരുമായിട്ടുള്ളവർക്ക് ഈ പദ്ധതിയിൽ രജിസ്റ്റർ ചെയ്യാം. ടി ക്ഷേമപദ്ധതി പ്രകാരം ചികിത്സാസഹായം (25,000/- രൂപ) ടെർമിനൽ ബെനിഫിറ്റ് (10,000/- രൂപ മുതൽ 25,000/- രൂപ വരെ) വിദ്യാഭ്യാസ ആനുകൂല്യം (1000/- മുതൽ |

3000/- വരെ), അപകടമരണ ധനസഹായം (50,000/-രൂപ) ഭൗതികശരീരം നാട്ടിലെത്തിക്കുന്നതിനുള്ള ധനസഹായം (5,000/-രൂപ മുതൽ 15,000/-രൂപ വരെ) പ്രസവ ധനസഹായമായി മൂന്നുമാസത്തെ മിനിമം വേതനം തുടങ്ങി ആനുകൂല്യങ്ങൾ നൽകുന്നുണ്ട്. സംസ്ഥാനത്തിനുള്ളിൽ വച്ച് മരണമടയുന്ന ഇതര സംസ്ഥാന തൊഴിലാളികളുടെ ഭൗതികശരീരം വേഗത്തിൽ നാട്ടിലെത്തിക്കുന്നതിനുള്ള ചെലവുകൾക്കായി രണ്ട് ലക്ഷം രൂപ വീതമുള്ള റിവോൾവിംഗ് ഫണ്ട് ജില്ലാ ലേബർ ഓഫീസർ (എൻഫോഴ്സ്മെന്റ്)മാർക്ക് അനുവദിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

സംസ്ഥാനത്ത് ജോലിയെടുക്കുന്ന ഇതരസംസ്ഥാന തൊഴിലാളികളുടെ ആരോഗ്യസുരക്ഷ ഉറപ്പുവരുത്തുന്നതിന് ആരോഗ്യ ഇൻഷുറൻസ് പദ്ധതിയായ "ആവാസ്" ആരംഭിച്ചിട്ടുണ്ട്. "ചിയാക്ക"മായി സഹകരിച്ച് "ചിസ് പ്ലസ്" മാതൃകയിൽ ആവാസ് പദ്ധതിയിൽ രജിസ്റ്റർ ചെയ്ത തൊഴിലാളികൾക്ക് പ്രതിവർഷം 15,000/- രൂപ വരെയുള്ള ഇൻപേഷ്യന്റ് സൗജന്യ ചികിത്സാ സഹായമടക്കം 56 ഗവൺമെന്റ് ഹോസ്പിറ്റലുകളിലായി നൽകി വരുന്നുണ്ട്. ആരോഗ്യ ഇൻഷുറൻസിനോടൊപ്പം 2,00,000/- രൂപയുടെ അപകടമരണ ഇൻഷുറൻസ് പരിരക്ഷകൂടി ഉറപ്പുവരുത്തുന്നുണ്ട്. കൂടാതെ ജില്ലാ ലേബർ ഓഫീസർമാരുടെ നേതൃത്വത്തിൽ ആരോഗ്യവകുപ്പുമായി സഹകരിച്ച് മെഡിക്കൽ ക്യാമ്പുകളും ബോധവൽക്കരണ ക്ലാസുകളും നടത്തിവരുന്നു.

"അപ്നാഘർ" പദ്ധതിയുടെ ഭാഗമായി ഇതരസംസ്ഥാന തൊഴിലാളികൾക്കായി പാലക്കാട് ജില്ലയിലെ കഞ്ചിക്കോട് ഹോസ്റ്റൽ നിർമ്മാണം പൂർത്തിയായിട്ടുണ്ട്. ഈ മാതൃകയിൽ തിരുവനന്തപുരം, കോഴിക്കോട്, എറണാകുളം എന്നീ ജില്ലകളിൽ സ്ഥലം ഏറ്റെടുത്തിട്ടുണ്ട്.

സെക്ഷൻ ഓഫീസർ.

**അനുബന്ധം**

| ക്രമ നമ്പർ | സംസ്ഥാനം | ആവാസ് പദ്ധതി പ്രകാരം രജിസ്റ്റർ ചെയ്ത ഇതര സംസ്ഥാന തൊഴിലാളികൾ | കേരള കുടിയേറ്റ തൊഴിലാളി ക്ഷേമ പദ്ധതി പ്രകാരം രജിസ്റ്റർ ചെയ്ത ഇതര സംസ്ഥാന തൊഴിലാളികൾ |
|---|---|---|---|
| 1 | ആന്ധ്രാപ്രദേശ് | 1,481 | 168 |
| 2 | അരുണാചൽ പ്രദേശ് | 399 | 61 |
| 3 | ആസ്സാം | 48,539 | 6076 |
| 4 | ബിഹാർ | 32,291 | 5275 |
| 5 | ഛത്തീസ്ഗഡ് | 1340 | 46 |
| 6 | ഗോവ | 25 | - |
| 7 | ഗുജറാത്ത് | 161 | 13 |
| 8 | ഹരിയാന | 114 | 22 |
| 9 | ഹിമാചൽ പ്രദേശ് | 76 | 2 |
| 10 | ജമ്മു & കാശ്മീർ | 319 | 2 |
| 11 | ഝാർഖണ്ഡ് | 16,240 | 1504 |
| 12 | കർണ്ണാടക | 5,910 | 3990 |
| 13 | മദ്ധ്യപ്രദേശ് | 2,505 | 371 |
| 14 | മഹാരാഷ്ട്ര | 691 | 48 |
| 15 | മണിപ്പൂർ | 387 | 20 |
| 16 | മേഘാലയ | 337 | - |
| 17 | മിസ്സോറാം | 45 | - |
| 18 | നാഗാലാന്റ് | 294 | 36 |
| 19 | ഒഡീഷ | 36,388 | 8547 |
| 20 | പഞ്ചാബ് | 183 | 7 |
| 21 | രാജസ്ഥാൻ | 1950 | 206 |
| 22 | സിക്കിം | 66 | - |
| 23 | തമിഴ്നാട് | 27147 | 1467 |
| 24 | തെലുങ്കാന | 162 | - |
| 25 | ത്രിപുര | 718 | 13 |
| 26 | ഉത്തർപ്രദേശ് | 12299 | 1274 |
| 27 | ഉത്തരാഖണ്ഡ് | 728 | 199 |
| 28 | പശ്ചിമബംഗാൾ | 1,36,846 | 26040 |
| 29 | | ഡൽഹി-334<br>മറ്റുള്ളവ-361 | ഡൽഹി- 41<br>ആൻഡമാൻ & നിക്കോബാർ - 2 |
| | **ആകെ** | **328336** | **55430** |

സെക്ഷൻ ഓഫീസർ.